പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3269 21/12/2012-ൽ മറുപടിക്ക്

## ഹെറിറ്റേജ് ക്ലബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ . വി.റ്റി.ബൽറാം<br>„ എ.പി.അബ്ദുള്ളക്കുട്ടി<br>„ ആർ.സെൽവരാജ്<br>„ എം.പി.വിൻസന്റ് | ശ്രീ.കെ.സി.ജോസഫ്<br>ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി |

| | | | |
|---|---|---|---|
| എ) | ഹെറിറ്റേജ് ക്ലബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;വിശദമാക്കുമോ; | എ) | സ്കൂൾ വിദ്യാർത്ഥികളിൽ പൈതൃക സംരക്ഷണത്തിനുള്ള അവബോധം സൃഷ്ടിക്കുക എന്നതാണ് ഹെറിറ്റേജ് ക്ലബ്ബുകളുടെ ഉദ്ദേശലക്ഷ്യം.വിദ്യാർത്ഥികൾ സ്വകാര്യ രേഖാ സർവ്വേ നടത്തി ചരിത്രരേഖകൾ കണ്ടെത്തുകയും പുരാരേഖാ വകുപ്പ് ഇവ സംരക്ഷിച്ചുനൽകുകയും ചെയ്യുന്നതാണ് . |
| ബി) | ഇത്തരം ക്ലബ്ബുകളുടെ പ്രവർത്തന മേഖല എവിടെയൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളാണ് ക്ലബ്ബുകളുടെ പ്രവർത്തന മേഖല. |
| സി) | എതെല്ലാം ഏജൻസികളുടെ ആഭിമുഖ്യത്തിലാണ് ഇവ പ്രവർത്തിക്കുന്നത് ; | സി) | ഹെറിറ്റേജ് ക്ലബ്ബുകളുടെ പ്രവർത്തനത്തിന് സംസ്ഥാന പുരാരേഖാ വകുപ്പിനെയാണ് നോഡൽ ഏജൻസിയായി നിയമിച്ചിരിക്കുന്നത്. |
| ഡി) | ഇത്തരം ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ? | ഡി) | ഹെറിറ്റേജ് ക്ലബ്ബുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും എല്ലാ സ്കൂളുകളിലും വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.എല്ലാ വർഷവും ത്രിദിന പഠനക്ലാസ്സ് നടത്തുകയും കൂടാതെ 2009 മുതൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന മൂന്ന് സ്കൂളുകൾക്ക് ക്യാഷ് അവാർഡും എൻഡോവ്മെന്റുകളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ